ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 15.09.2026

TIME : 07.25 AM

## പ്രധാന വാർത്തകൾ

1. 'സെമികോൺ ഇന്ത്യ 2026'-ന്റെ അഞ്ചാം പതിപ്പ് പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിലെ യശോഭൂമിയിൽ മറ്റന്നാൾ ഉദ്ഘാടനം ചെയ്യും

   Prime Minister Narendra Modi will inaugurate the fifth edition of 'SemiconIndia 2026' at Yashobhoomi in New Delhi on Thursday.

2. 2,000 രൂപ വരെയുള്ള UPI പണമിടപാടുകൾക്ക് ബാങ്കുകൾ യാതൊരുവിധ നിരക്കുകളും ഈടാക്കരുതെന്ന് കേന്ദ്ര സർക്കാർ. RuPay ഡെബിറ്റ് കാർഡുകൾ ഉപയോഗിച്ച് നടത്തുന്ന 2,000 രൂപ വരെയുള്ള പണമിടപാടുകൾക്കും ചാർജുകൾ ബാധകമല്ല.

   The Central Government has directed banks not to levy any charges on UPI transactions of up to ?2,000. Charges are also not applicable to transactions of up to ?2,000 made using RuPay debit cards.

3. ക്രിയാത്മകമായ വിമർശനങ്ങൾ സജീവമായ ഭരണഘടനാ ജനാധിപത്യത്തിന്റെ സവിശേഷതയാണെന്ന് സുപ്രീം കോടതി ചീഫ് ജസ്റ്റിസ് സൂര്യകാന്ത്.

**Supreme Court Chief Justice Surya Kant stated that constructive criticism is a hallmark of a vibrant constitutional democracy.**

4. ദക്ഷിണേഷ്യയിൽ ആദ്യമായി സംഘടിപ്പിക്കുന്ന വേൾഡ് സർക്കുലർ ഇക്കോണമി ഫോറത്തിന് ഗുജറാത്തിലെ ഗാന്ധിനഗറിൽ ഇന്ന് തുടക്കമാകും. കേന്ദ്ര മന്ത്രി ഭൂപേന്ദർ യാദവും ഗുജറാത്ത് മുഖ്യമന്ത്രി ഭൂപേന്ദ്ര പട്ടേലും സംയുക്തമായി ഉദ്ഘാടനം ചെയ്യും

**The World Circular Economy Forum, being organized for the first time in South Asia, begins today in Gandhinagar, Gujarat. Union Minister Bhupender Yadav and Gujarat Chief Minister Bhupendra Patel will jointly inaugurate the event.**

5. രണ്ട് ദിവസത്തെ കേരള സന്ദർശനം പൂർത്തിയാക്കി മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിം മാലദ്വീപിലേക്ക് തിരിച്ചു

**Malaysian Prime Minister Anwar Ibrahim has left for the Maldives after completing a two-day visit to Kerala.**

6. ഇന്ത്യ -അഫ്ഗാനിസ്ഥാൻ പുരുഷ ടി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന്.

❁❁❁❁❁❁❁❁❁❁❁❁❁

**PM - SEMICON INDIA**

'സെമികോൺ ഇന്ത്യ 2026'-ന്റെ അഞ്ചാം പതിപ്പ് പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിലെ യശോഭൂമിയിൽ മറ്റന്നാൾ ഉദ്ഘാടനം ചെയ്യും. 600-ലധികം പ്രദർശകരും 300 അന്താരാഷ്ട്ര കമ്പനികളും 40-ലധികം രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധി സംഘങ്ങളും പരിപാടിയിൽ പങ്കെടുക്കും. ആറ് രാജ്യങ്ങളുടെ പവലിയനുകൾ, പന്ത്രണ്ട് സംസ്ഥാന സർക്കാരുകളുടെ പവലിയനുകൾ, സ്റ്റാർട്ടപ്പുകൾക്കായി മാത്രമായുള്ള ഒരു പ്രത്യേക പവലിയൻ എന്നിവ ഈ പ്രദർശനത്തിലുണ്ടാകും. ഇന്ത്യ അർദ്ധചാലക ദൗത്യം, ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയം, സെമി എന്നിവ സംയുക്തമായി സംഘടിപ്പിക്കുന്ന ഇന്ത്യയിലെ പ്രമുഖ അർദ്ധചാലക സമ്മേളനവും പ്രദർശനവുമാണ് 'സെമികോൺ ഇന്ത്യ'. ആഗോള അർദ്ധചാലക -ഇലക്ട്രോണിക്സ് മേഖലയെ ഒന്നിപ്പിക്കാനും സഹകരണം, നവീകരണം, ഉൽപ്പാദനം, നിക്ഷേപം, നൈപുണ്യ വികസനം എന്നിവ പ്രോത്സാഹിപ്പിക്കാനുമുള്ള ഒരു പ്രധാന വേദിയായി ഇത് പ്രവർത്തിക്കുന്നു.

## UPI– PAYMENT

2,000 രൂപ വരെയുള്ള UPI പണമിടപാടുകൾക്ക് ബാങ്കുകൾ യാതൊരുവിധ ചാർജുകളും ഈടാക്കരുതെന്ന് കേന്ദ്ര സർക്കാർ. RuPay ഡെബിറ്റ് കാർഡുകൾ ഉപയോഗിച്ച് നടത്തുന്ന 2,000 രൂപ വരെയുള്ള പണമിടപാടുകൾക്കും

ചാർജുകൾ ബാധകമല്ലെന്ന് സർക്കാർ ഗസറ്റ് വിജ്ഞാപനത്തിൽ പറയുന്നു. വ്യക്തികൾ തമ്മിലുള്ള എല്ലാ UPI ഇടപാടുകളും സൗജന്യമായി തുടരുമെന്നും വ്യാപാരികളിൽ നിന്ന് പൊതുവായ മെർച്ചന്റ് ഡിസ്കൗണ്ട് റേറ്റ് ഈടാക്കില്ലെന്നും ധനമന്ത്രാലയം അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## CJI – COURT COMPLAINTS

ജഡ്ജിമാർക്കെതിരെയുള്ള പരാതികൾ പരിഹരിക്കുന്നതിനായി വികസിപ്പിച്ചെടുത്ത സംവിധാനം ശക്തവും കൃത്യതയുള്ളതുമാണെന്ന് സുപ്രീംകോടതി ചീഫ് ജസ്റ്റിസ് സൂര്യകാന്ത്. ന്യൂഡൽഹിയിൽ നടന്ന 6-ാമത് റാം ജത്മലാനി സ്മാരക പ്രഭാഷണപരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ക്രിയാത്മകമായ വിമർശനങ്ങൾ സജീവമായ ഒരു ഭരണഘടനാ ജനാധിപത്യത്തിന്റെ സവിശേഷതയാണെന്നും അതേസമയം, നീതിന്യായ വ്യവസ്ഥയിൽ തുടർച്ചയായ പരിഷ്കാരങ്ങളും കൂടുതൽ സുതാര്യതയും അനിവാര്യമാണെന്നും ചീഫ് ജസ്റ്റിസ് പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## GUJ–WORLD ECONOMIC FORUM

ദക്ഷിണേഷ്യയിൽ ആദ്യമായി സംഘടിപ്പിക്കുന്ന വേൾഡ് സർക്കുലർ ഇക്കോണമി ഫോറത്തിന് ഗുജറാത്തിലെ ഗാന്ധിനഗറിലുള്ള മഹാത്മ മന്ദിറിൽ ഇന്ന് തുടക്കമാകും. കേന്ദ്ര പരിസ്ഥിതി, വനം മന്ത്രി ഭൂപേന്ദർ യാദവും ഗുജറാത്ത്

മുഖ്യമന്ത്രി ഭൂപേന്ദ്ര പട്ടേലും ചേർന്ന് സമ്മേളനം സംയുക്തമായി ഉദ്ഘാടനം ചെയ്യും. രണ്ട് ദിവസത്തെ പരിപാടിയിൽ 65-ലധികം രാജ്യങ്ങളിൽ നിന്നുള്ള 2,000-ത്തിലധികം പ്രതിനിധികൾ പങ്കെടുക്കും. ഉൽപന്നങ്ങളുടെ പുനരുപയോഗം, പുനർനിർമ്മാണം, റീസൈക്ലിംഗ് എന്നിവയിലൂടെ സുസ്ഥിരമായ സാമ്പത്തിക വളർച്ച കൈവരിക്കുകയാണ് പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്.

## US ANALYST-BRICS

18-ാമത് ബ്രിക്സ് ഉച്ചകോടിക്ക് ഇന്ത്യ വിജയകരമായി ആതിഥേയത്വം വഹിച്ചെന്ന് യുഎസ് ആസ്ഥാനമായുള്ള നിരീക്ഷകൻ.വ്യത്യസ്ത വീക്ഷണങ്ങളുള്ള രാജ്യങ്ങൾക്കിടയിൽ സമവായം രൂപപ്പെടുത്താനുള്ള ഇന്ത്യയുടെ കഴിവിനെ 'ന്യൂഡൽഹി പ്രഖ്യാപനം' പ്രതിഫലിപ്പിക്കുന്നുവെന്ന് അറ്റ്ലാന്റിക് കൗൺസിലിലെ സൗത്ത് ഏഷ്യ വിഭാഗം സീനിയർ ഫെലോ ആയ മൈക്കൽ കുഗൽമാൻ പറഞ്ഞു. വിവിധ രാജ്യങ്ങളെ ഒന്നിപ്പിക്കാനുള്ള ഇന്ത്യയുടെ വർധിച്ചുവരുന്ന ശേഷിയെയും ബ്രിക്സ് കൂട്ടായ്മയോടുള്ള വർധിച്ചുവരുന്ന താൽപര്യത്തെയുമാണ് ഈ പ്രഖ്യാപനം അടയാളപ്പെടുത്തുന്നതെന്ന് അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിൽ നടന്ന രണ്ടുദിവസത്തെ ഉച്ചകോടി ഞായറാഴ്ചയാണ് സമാപിച്ചത്.

## JAISHANKAR-BRICS ( INTRO)

എല്ലാ തരം ഭീകരവാദ പ്രവർത്തനങ്ങളും കുറ്റകരമാണെന്ന പൊതു നിലപാടാണ് ബ്രിക്സ് അംഗരാജ്യങ്ങൾക്കുള്ളതെന്ന് വിദേശകാര്യമന്ത്രി എസ് ജയ്ശങ്കർ. ന്യൂഡൽഹിയിൽ നടന്ന ഉച്ചകോടിയിൽ പഹൽഗാം ആക്രമണത്തെ അപലപിച്ച ബ്രിക്സ് രാഷ്ട്രങ്ങൾ, ഭീകരവാദത്തോട് വിട്ടുവീഴ്ചയില്ലാത്ത സമീപനമാണ് സ്വീകരിക്കുന്നതെന്നും വിദേശകാര്യമന്ത്രി വ്യക്തമാക്കി.

( വോയിസ്....)

## JAISHANKAR-INDIA VIETNAM

ഇന്ത്യയുടെ 'ആക്റ്റ് ഈസ്റ്റ് പോളിസി', 'വിഷൻ മഹാസാഗർ' , ഇന്തോ-പസഫിക് മേഖലയോടുള്ള സമീപനം എന്നിവയിലെ പ്രധാന പങ്കാളിത്ത രാജ്യമാണ് വിയറ്റ്നാം എന്ന് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ. ന്യൂഡൽഹിയിൽ ഇന്ത്യ-വിയറ്റ്നാം സംയുക്ത കമ്മീഷന്റെ 19-ാമത് സമ്മേളനത്തിൽ സഹ-അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. വിയറ്റ്നാം വിദേശകാര്യ മന്ത്രി ലെ ഹോവായ് ട്രംഗുമായുള്ള ശ്രീ ജയ്ശങ്കറിന്റെ കൂടിക്കാഴ്ചയിൽ, ഇന്ത്യ-വിയറ്റ്നാം ഉഭയകക്ഷി ബന്ധത്തിന്റെ പുരോഗതി അവലോകനം ചെയ്തു. നയതന്ത്ര ബന്ധത്തിന്റെ 55-ാം വാർഷികം പ്രമാണിച്ച് അടുത്ത വർഷം 'ഇന്ത്യ-വിയറ്റ്നാം സൗഹൃദ വർഷമായി' ആചരിക്കാനും തീരുമാനിച്ചു.

## PM-RAJASTHAN POLLS

രാജസ്ഥാനിലെ നഗര തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ ബിജെപിയുടെ വിജയത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ജനങ്ങൾക്ക് നന്ദി രേഖപ്പെടുത്തി. സത്യത്തിന്റെ വിജയമാണ് ഈ തിരഞ്ഞെടുപ്പ് ഫലമെന്ന് അദ്ദേഹം സാമൂഹ്യ മാധ്യമ കുറിപ്പിൽ പറഞ്ഞു.

## NHAI-HELPLINE

ദേശീയ പാത ഹെൽപ്ലൈൻ നമ്പറായ 1033 ലൂടെയുള്ള സേവനങ്ങൾ പരിഷ്കരിക്കാൻ തീരുമാനിച്ച് NHAI. യാത്രക്കാർക്ക് വേഗത്തിൽ സഹായം ഉറപ്പുവരുത്തുന്നതിനാണ് നടപടി. നിർമിത ബുദ്ധി, ഉൾപ്പെടെ പ്രയോജനപ്പെടുത്തിക്കൊണ്ട്, 1033-ൽ വിളിക്കുന്നവരുടെ ലൊക്കേഷൻ, ഭാഷ എന്നിവ മനസ്സിലാക്കി കൃത്യമായ സഹായം എത്തിക്കുകയാണ് ലക്ഷ്യമിടുന്നത്.

## MALAYSIAN -PRIME MINISTER

രണ്ട് ദിവസത്തെ കേരള സന്ദർശനം പൂർത്തിയാക്കി മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിം മടങ്ങി. കരിപ്പൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഔദ്യോഗിക യാത്രയയപ്പ് നൽകി. സംസ്ഥാന സർക്കാരിനെ പ്രതിനിധീകരിച്ച് മലപ്പുറം

ജില്ലാ കലക്ടർ ഡോ. വിനോയ് ഗോയലിന്റെ നേതൃത്വത്തിലാണ് ഊഷ്മളമായ യാത്രയയപ്പ് നൽകിയത്. വൈകിട്ട് 7.15-ന് മലേഷ്യൻ എയർലൈൻസ് വിമാനത്തിൽ മാലിദ്വീപ് സന്ദർശനത്തിനായാണ് യാത്ര തിരിച്ചത്.

## FOREST MEETING

വനാതിർത്തി പ്രദേശങ്ങളിൽ കർഷകർ നേരിടുന്ന രൂക്ഷമായ പ്രതിസന്ധികൾക്ക് ശാശ്വത പരിഹാരം കാണുന്നതിനായുള്ള കർഷക സംഘടനാ പ്രതിനിധികളുടെ രണ്ടാം ഘട്ട യോഗം ഇന്ന് തിരുവനന്തപുരത്ത് നടക്കും. മന്ത്രി ഷിബു ബേബിജോൺ യോഗത്തിൽ അധ്യക്ഷത വഹിക്കും.

വിവിധ കർഷക സംഘടനകളുടെ പ്രതിനിധികളും ഉന്നത ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കാളികളാകും.

## PM RAHAT SCHEME(INTRO)

കേന്ദ്ര സർക്കാരിൻറെ പി. എം. റാഹത്ത് പദ്ധതി കണ്ണൂർ ജില്ലയിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ട പരിശീലനം നൽകി. റോഡ് അപകടത്തിൽപ്പെടുന്നവർക്ക് സൗജന്യമായി അടിയന്തര ചികിത്സ ഉറപ്പുവരുത്തുന്നതാണ് പിഎം റാഹത്ത് പദ്ധതി.

*വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.....*

*(വോയിസ്)*

❁❁❁❁❁❁❁❁❁❁❁❁❁

## MENS CRICKET

ഇന്ത്യ അഫ്ഗാനിസ്ഥാൻ പുരുഷ ടി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന് . ന്യൂഡൽഹിയിലെ അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് കളി ആരംഭിക്കുക. മൂന്ന് മത്സരങ്ങളുള്ള പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യയ്ക്കായിരുന്നു വിജയം.

❁❁❁❁❁❁❁❁❁❁❁❁❁

## INTERNATIONAL DAY OF DEMOCRACY

ഇന്ന് അന്താരാഷ്ട്ര ജനാധിപത്യ ദിനം. ലോകമെമ്പാടും ജനാധിപത്യ വ്യവസ്ഥയുടെ സ്ഥിതി വിലയിരുത്തുന്നതിനും അതിന്റെ അടിസ്ഥാന തത്വങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായാണ് എല്ലാ വർഷവും സെപ്റ്റംബർ 15-ന് ദിനാചരണം സംഘടിപ്പിക്കുന്നത്. ഓരോ ശബ്ദവും പരിഗണിക്കപ്പെടുമ്പോൾ ജനാധിപത്യം പുലരുന്നു എന്നതാണ് ഈ വർഷത്തെ പ്രമേയം.

❁❁❁❁❁❁❁❁❁❁❁❁❁

## PIB FACT CHECK-CARS

അൻപതിനായിരം രൂപയിൽ താഴെ വരുമാനമുള്ളവർക്ക് കേന്ദ്ര സർക്കാർ സൗജന്യമായി കാർ നൽകുമെന്ന തരത്തിൽ സമൂഹമാധ്യമത്തിൽ പ്രചരിക്കുന്ന വീഡിയോ വ്യാജമാണെന്ന് കേന്ദ്രസർക്കാർ. വീഡിയോ AI നിർമ്മിതമാണെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി ഇത്തരമൊരു പ്രഖ്യാപനം നടത്തിയിട്ടില്ലെന്നും പി.ഐ.ബി ഫാക്ട്ചെക്ക് വിഭാഗം വ്യക്തമാക്കി.

## KERALA RAIN

കേരളത്തിലെ വിവിധ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ തീരങ്ങളിൽ നാളെ രാത്രി 11.30 വരെ കടലാക്രമണത്തിനും സാധ്യതയുണ്ട്.

## BEHNAN EPISCOPA

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ സീനിയർ വൈദികൻ കുന്നക്കുരുടി നാരകത്ത് റവ. വി. വി. ബഹനാൻ കോർ എപ്പിസ്കോപ്പ നിര്യാതനായി. 93 വയസായിരുന്നു. കോലഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിലായിരുന്നു അന്ത്യം.

## CBI-DISHA SALIAN CASE

അന്തരിച്ച നടൻ സുശാന്ത് സിംഗ് രജ്പുത്തിന്റെ മാനേജരായിരുന്ന ദിഷ സാലിയന്റെ മരണത്തിൽ സിബിഐ എഫ്ഐആർ രജിസ്റ്റർ ചെയ്തു. 2020 ജൂൺ 8-ന് കെട്ടിടത്തിന്റെ 12-ാം നിലയിൽ നിന്ന് വീണാണ് ദിഷ സാലിയൻ മരിച്ചത്. ബോംബെ ഹൈക്കോടതിയുടെ ഉത്തരവിനെത്തുടർന്നാണ് എഫ്ഐആർ രജിസ്റ്റർ ചെയ്തത്.